(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പോലീസ് സേനയുടെ ആരോഗ്യ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം വകുപ്പുകളും ഏജൻസികളുമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) പോലീസ് വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി സഹകരിച്ച് സേനയിലെ പോലീസ് ഉദ്യോഗസ്ഥരുടെ ആരോഗ്യവും ശാരീരികക്ഷമതയും നിലനിർത്തുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സിസ്റ്റമാറ്റിക് ഹെൽത്ത് അസസ്മെന്റ് ഫോർ പോലീസ് പേഴ്സണൽ (SHAPE) പദ്ധതി.

(ബി) സേനയിലെ പോലീസുദ്യോഗസ്ഥന്മാരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും അവർ വ്യായാമമുറ അഭ്യസിക്കുന്നതിനും വേണ്ടിയുള്ളതാണ് ഈ പദ്ധതി.

(സി) എല്ലാ ജില്ലാ പോലീസ് മേധാവിമാരും അവരുടെ കീഴിലുള്ള പോലീസുദ്യോഗസ്ഥർക്ക് ശാരീരിക വ്യായാമമുറകൾക്ക് പരിശീലനം നൽകേണ്ടതും പ്രസ്തുത ശാരീരിക വ്യായാമം രാവിലെ 7 മണി മുതൽ 7.45 മണിവരെ തിങ്കളാഴ്ചകളിലും വ്യാഴാഴ്ചകളിലും നടത്തേണ്ടതും 50 വയസ്സിനുമേൽ പ്രായമുള്ളവർ അവർ ആഗ്രഹിക്കുന്നപക്ഷം പ്രസ്തുത പരിശീലനത്തിൽ ഏർപ്പെട്ടാൽ മതിയെന്നും കൂടാതെ പരിശീലനങ്ങളിൽ ഏർപ്പെടുന്നതിന് മുമ്പ് എല്ലാ ഉദ്യോഗസ്ഥരും ആവശ്യമായ മെഡിക്കൽ പരിശോധനകൾക്ക് വിധേയരാകേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പോലീസ് വകുപ്പും, ആരോഗ്യ വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ

242 (3876) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് തടയാൻ എന്ത നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിൽ ഇതിനകം എത്ര പരാതികൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നും അതിൽ എത്രയെണ്ണത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പ്രത്യേകം കണക്കുകൾ ലഭ്യമാക്കാമോ ;

(സി) ഇതിൽ സർക്കാർ ജീവനക്കാർ പ്രതികളായി ശിക്ഷിക്കപ്പെട്ടത് ആരെന്നും ഏതെല്ലാം ഓഫീസുകളിലാണെന്നും വ്യക്തമാക്കാമോ ;

(ഡി) 2014-ൽ മാത്രം സംസ്ഥാനത്തെ സ്റ്റേറ്റ് സർവ്വീസിൽ മാത്രം എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും പരാതിക്കാർ ആരെല്ലാമെന്നും എത്ര പരാതിയിന്മേൽ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

വിമാനത്താവളങ്ങൾവഴി സ്വർണ്ണ കള്ളക്കടത്ത്

243 (3877) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിമാനത്താവളങ്ങൾവഴി കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര തൂകയുടെ സ്വർണ്ണ കള്ളക്കടത്ത് നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ആകെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കേരളീയർ അല്ലാത്ത ആളുകൾ ഉൾപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)	2013-14	- 47.34	കോടി രൂപ
	2014-15 (നവംബർ വരെ)	- 34.16	കോടി രൂപ
(ബി)	2013-14	- 221	കോടി രൂപ
	2014-15 (നവംബർ വരെ)	- 156	കോടി രൂപ
(സി)	2013-14	- 86	കോടി രൂപ
	2014-15 (നവംബർ വരെ)	- 53	കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly